**Govt.Sanskrit College**
**Thiruvananthapuram**

**College Development Committee 2023-2024**

**Report**

| | | |
|---|---|---|
| **2023-2024** | **CDC** | **90500/-** |

**Expenditure**

| Si.no | Item | Amount | Date |
|---|---|---|---|
| 1 | I ncinerator& Wending Machine | 80,000/- | 17-04-2023 |
| 2 | Plumbing-Kalidasa Block | 99,000/- | 05-06-2-23 |
| 3a | Gate | 76,311/- | 19-02-2024 |
| 3b | KBCWWB | 4976/- | 06-03-2024 |
| 3c | GST TDS & JT TDS | 16322/- | 30-03-2024 |

# Minutes of the CDC Meeting held on 12-01-2023

സർക്കാർ സംസ്കൃത കോളേജിൽ 12-01-2023 വ്യാഴാഴ്ച ഉച്ചയ്ക്ക് നാലുമണിക്ക് ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ അനിൽ ജോസ് അവറുകളുടെ അധ്യക്ഷതയിൽ നടന്ന കോളേജ് ഡെവലപ്മെന്റ് കമ്മിറ്റിയുടെ(സി ഡി.സി) യോഗത്തിന്റെ മിനിറ്റ്സ്

ഈശ്വര പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. തുടർന്ന് 2017 മുതൽ 2023 വരെ സി ഡി സി നടപ്പാക്കിയ കാര്യങ്ങളും ചെലവും സംബന്ധിച്ച പരിശോധനാറിപ്പോർട്ട് അധ്യാപക പ്രതിനിധിയായ ഡോ. ഹരിനാരായണൻമാകുളത്തില്ലത്ത് യോഗം മുമ്പാകെ അവതരിപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് മിനിട്സിൽ അറ്റാച്ച് ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു. 2020 വർഷത്തിലെ സി.ഡി.സി യോഗത്തിലെ തീരുമാനങ്ങളിൽ മിനിട്സ് ഒന്ന് മൂന്ന് കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചു. തുടർന്ന് മുൻവർഷത്തെ ബാക്കി തുക 609068 രൂപയും 2020 തീരുമാനപ്രകാരം അപേക്ഷ കൊടുത്ത് ലഭിച്ച് 2017-18 വർഷത്തെ തനതു ഫണ്ടായ 103000 രൂപയും ചേർത്ത് 712068 രൂപയാണ് ഇനി വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഉള്ളത് എന്ന് വിശദീകരിച്ചു. ലഭ്യമായ തുകയുടെ വിനിയോഗം സംബന്ധിച്ച് 6 നിർദ്ദേശങ്ങളാണ് കോളേജ് കൗൺസിലിന്റെതായി യോഗത്തിന്റെ പരിഗണനയ്ക്ക് വന്നത്.

1.കോളേജിന് ഒരു കവാടം.
2.പെൺകുട്ടികളുടെ ശൗചാലയത്തിൽ വെൻഡിങ് മെഷീനും ഇൻസിനറേറ്ററും.
3. പ്ലംബിംഗ്.
4.ക്ലാസ ബ്ലോക്കിൽ ഗ്രിൽ സ്ഥാപിക്കൽ
5.വൈറ്റ് ബോർഡുകൾ
6.സൈൻ ബോർഡുകൾ
ഇതേക്കുറിച്ച് യോഗം ചർച്ച ചെയ്യുകയും താഴെപ്പറയുന്ന രീതിയിൽ തീരുമാനമെടുക്കുകയും ചെയ്തു.

1. ശ്രീമൂലം തിരുനാൾ മഹാരാജാവിനാൽ 1889 സ്ഥാപിച്ച് 133 വർഷം പൂർത്തിയാക്കിയ ഈ കോളേജിന്റെ രണ്ട് പ്രവേശന കവാടങ്ങളും കാലപ്പഴക്കം കൊണ്ട് തുരുമ്പിച്ച് ജീർണിച്ച അവസ്ഥയിലാണ്. ഇതിൽ ഒരെണ്ണമെങ്കിലും പുനർനിർമ്മിക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള കാര്യമാണ് എന്ന് യോഗം കണ്ടെത്തി. ആയതിനാൽ വിദഗ്ധനായ ഒരു ആർക്കിടെക്കിന്റെ രൂപകൽപ്പന പ്രകാരം ഈ സ്ഥാപനത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തിനും പ്രൗഢിയ്ക്കും യോജിച്ചവിധത്തിലുള്ള പ്രവേശന കവാടം കോളേജിന്റെ പടിഞ്ഞാറ് ഭാഗത്ത്

സ്ഥാപിക്കുവാനുള്ള ടെണ്ടർ വിളിച്ച് എത്രയും വേഗം ആയത് സ്ഥാപിക്കേണ്ടതാണ് എന്ന് തീരുമാനിച്ചു.

**2.**കോളേജിൽ പഠിക്കുന്ന പെൺകുട്ടികൾക്കായി ഇപ്പോൾ ലേഡീസ് വെയ്റ്റിംഗ് റൂമിൽ പ്രവർത്തിക്കുന്ന നാപ്കിൻ ഇസനറേറ്റർ അപര്യാപ്തമാണെന്ന് കൗൺസിലിന്റെ കണ്ടെത്തൽ ശരിയാണെന്ന് യോഗം വിലയിരുത്തി. ആയതിനാൽ ബാലസാഹിത്യ ഇൻസ്റ്റ്യൂട്ടിന് സമീപം സ്ഥിതി ചെയ്യുന്ന പെൺകുട്ടികളുടെ ശൗചാലയത്തിൽ വെൻഡിങ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കാൻ യോഗം അനുമതി നൽകി

**3.**കോളേജിൽ രണ്ട് ബ്ലോക്കുകളിലായി സ്ഥിതി ചെയ്യുന്ന വാട്ടർ കൂളറുകളിലേക്ക് ടാങ്കിൽ നിന്ന് നേരിട്ട് വെള്ളം എത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്താനും, കാളിദാസബ്ലോക്കിന്റെ പിന്നിലുള്ള പഴയ കേടായ വാട്ടർ പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുവാനും ഇപ്പോൾ ഉണ്ടാക്കിയ 2 ലോണുകൾ നനക്കുന്നതിനുവേണ്ടി സ്പ്രിംഗ്ലറിലേക്ക് നേരിട്ട് കണക്ഷൻ കൊടുക്കുന്നതിനായി 2000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിക്കുവാനും തീരുമാനിച്ചു

ഇത്രയും പ്രവർത്തനങ്ങൾ ചെയ്തശേഷം ബാക്കി തുക ഉണ്ടെങ്കിൽ താഴെ പറയുന്നവ കൂടി ചെയ്യാമെന്ന് യോഗം അനുമതി നൽകുകയുണ്ടായി.

**1.**രാത്രികാലങ്ങളിലുള്ള സുരക്ഷ ഉറപ്പുവരുത്തുവാൻ ഭാസബ്ലോക്കിൽ ഉള്ള പടികളുടെ ഭാഗത്ത് ഇരുമ്പ് ഗ്രിൽ സ്ഥാപിക്കൽ.

**2.**ഇപ്പോൾ നിർമ്മിക്കുന്ന ശങ്കരാ ബ്ലോക്കിലെ ക്ലാസ് മുറികളിലേക്ക് വൈറ്റ് ബോർഡുകൾ സ്ഥാപിക്കൽ.

**3.** വിവിധതരം സൈൻ ബോർഡ് സ്ഥാപിക്കൽ

ഈ കാര്യങ്ങൾ ഫണ്ടിൻറെ ലഭ്യതയ്ക്ക് അനുസരിച്ച് മുൻഗണനാ ക്രമത്തിൽ നടപ്പാക്കുവാനും തീരുമാനിച്ചു.

വൈകിട്ട് 5.30 തന്നെ യോഗം അവസാനിച്ചു. അധ്യാപക പ്രതിനിധി ഡോ. ഹരിനാരായണൻമാങ്കുളത്തില്ലത്ത് കൃതജ്ഞത രേഖപ്പെടുത്തി

യോഗത്തിൽ പങ്കെടുത്തവർ

1.ശ്രീ അനിൽ ജോസ് (ബഹു. എ ഡി എം)
2.ഡോ:ശോഭ കെ ഡി (സെക്രട്ടറി ആൻഡ് ട്രഷറർ)
3.ഡോ. ഹരിനാരായണൻമാങ്കുളത്തില്ലത്ത് (അധ്യാപക പ്രതിനിധി)
4.ഡോ: പി ലൈല (പ്രസിഡണ്ട് അലുമിനി അസോസിയേഷൻ)
5.ഡോ: ബി പ്രസന്നകുമാരി ( ഡി സി ഇ നോമിനി)
6.ശ്രീ ആർ ഗോപകുമാർ ( ഡി സി ഇ നോമിനി)
7.ആദിത്യൻ എ കോളേജ് യൂണിയൻ പ്രതിനിധി

മേൽ തീരുമാനങ്ങൾ ബഹുമാനപ്പെട്ട കലക്ടറുടെ അനുമതിക്കായി സമർപ്പിക്കുന്നു

GOVERNMENT SANSKRIT COLLEGE THIRUVANANTHAPURAM

12/1/2023

പ്രിൻസിപ്പാൾ

Dr. SOBHA K. D.
Principal
Govt. Sanskrit College
Thiruvananthapuram

16/1

COLLECTORATE ★ THIRUVANANTHAPURAM

Deputy Collector (General) &
Additional District Magistrate
Collectorate, Thiruvananthapuram.